116 (1025) ചങ്ങനാശ്ശേരി ഇലക്ട്രിസിറ്റി ഡിവിഷനിൽ വോൾട്ടേജ് മെച്ചപ്പെടുത്തുവാൻ നടപടി

ശ്രീ. സി.എഫ്. തോമസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ഇലക്ട്രിസിറ്റി ഡിവിഷനിൽ ചങ്ങനാശ്ശേരി, തൃക്കൊടിത്താനം, കുറിച്ചി, തെങ്ങണ സെക്ഷനുകളിൽ ചങ്ങനാശ്ശേരി ടൗണിലും തൃക്കൊടിത്താനം, പാക്കിപ്പാട്, കുറിച്ചി, വാഴപ്പള്ളി, മാടപ്പള്ളി, പഞ്ചായത്ത് പ്രദേശങ്ങളിലും വോൾട്ടേജ് മെച്ചപ്പെടുത്തുവാൻ എത്ര പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്;

(ബി) ഈ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്നറിയിക്കാമോ?

ഉത്തരം

(എ) 68 പദ്ധതികൾ

(ബി) വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.

(സി) സാധന സാമഗ്രികളുടെ ലഭ്യതയ്ക്കും, മുൻഗണനാക്രമമനുസരിച്ചും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

117 (1024) വിദേശ പര്യടനം നടത്തുന്ന ഉദ്യോഗസ്ഥർ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ബോർഡിലെ ഉദ്യോഗസ്ഥരിൽ വിദേശപര്യടനം നടത്തുന്ന പലരുടെയും സർവ്വീസ് അതിനുശേഷം ചുരുങ്ങിയ കാലം മാത്രമേ ബോർഡിന് ലഭിക്കുന്നുള്ളൂ എന്നത് പരിഗണിച്ച് താരതമ്യേന ദീർഘകാലത്തേയ്ക്ക് ഉപകരിക്കത്തക്ക രീതിയിൽ റിട്ടയർ ചെയ്യുവാൻ കൂടുതൽ വർഷങ്ങൾ ഉള്ളവരെ തെരഞ്ഞെടുത്ത് ഇത്തരം പരിശീലനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡിന്റെ സമീപനം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇക്കാര്യം പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

118 (1027) കൊയിലാണ്ടി ഇലക്ട്രിക്കൽ മേജർ സെക്ഷനിലെ പുതിയ വൈദ്യുതി കണക്ഷനുകൾ

ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നോർത്ത്, സൗത്ത് ഇലക്ട്രിക്കൽ മേജർ സെക്ഷന് കീഴിൽ 1996 മുതൽ 1999 ഡിസംബർ വരെ കാർഷിക ആവശ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തിനു വേണ്ടിയും ഗാർഹിക ആവശ്യത്തിനു വേണ്ടിയും എത്ര പുതിയ വൈദ്യുതി കണക്ഷൻ നൽകിയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ബി) ഈ രണ്ട് സെക്ഷനുകളിലും കൂടി ആകെ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നോർത്ത് മേജർ സെക്ഷനിൽ 64 കാർഷിക കണക്ഷനുകളും 2399 ഗാർഹിക കണക്ഷനുകളും, കൊയിലാണ്ടി സൗത്ത് മേജർ സെക്ഷനിൽ 63 കാർഷിക കണക്ഷനുകളും 1639 ഗാർഹിക കണക്ഷനുകളും ഈ കാലയളവിൽ നൽകിയിട്ടുണ്ട്.

(ബി) 18 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തു.

119 (1028) കൊടുങ്ങല്ലൂരിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിൽ കെ.എസ്.ഇ.ബി.യുടെ ഒരു 110/66 കെ.വി.സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സബ്സ്റ്റേഷൻ എപ്പോൾ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചതായി കാണുന്നില്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

120 (1029) പോസ്റ്റ് വാർക്കുന്നതിനുള്ള കരാർ

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 ഏപ്രിൽ മാസത്തിനു ശേഷം വൈദ്യുതി ബോർഡ് പോസ്റ്റ് വാർക്കുന്നതിന് ആർക്കെല്ലാം കോൺട്രാക്ട് നൽകിയിട്ടുണ്ട്; വിശദ വിവരം വെളിപ്പെടുത്തുമോ; കരാറുകളുടെ നിരക്ക് എത്രയാണ്;

(ബി) 1998 ഏപ്രിൽ മാസത്തിനു ശേഷം നൽകിയ ചില കരാറുകളിൽ തുകയിൽ വലിയ വ്യത്യാസം വരാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 15-10-99, 15-11-99, 26-11-99, 13-12-99 എന്നീ തീയതികളിലെ ബോർഡുത്തരവുകൾ പ്രകാരം അടുത്ത മൂന്നു വർഷങ്ങളിലേക്ക് ബോർഡിന്റെ വിവിധ പദ്ധതികൾക്കാവശ്യമായി വരുന്ന വിവിധയിനം പോസ്റ്റുകൾ നിർമ്മിച്ചു വിതരണം ചെയ്തു അതിലേയ്ക്കായി വിവിധ കരാറുകാരു

LIBRARY ARCHIVES Kerala Legislative Assembly